നിരാക്ഷേപപത്രം

240 (3062) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിൽനിന്ന് ബഹുനിലമന്ദിരങ്ങൾക്കും പാർപ്പിട സമുച്ചയങ്ങൾക്കും നൽകിയ നിരാക്ഷേപപത്രങ്ങൾ എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) നാഷണൽ ബിൽഡിംഗ് കോഡ് 2005 പ്രകാരമുള്ള ഫയർ & ലൈഫ് സേഫ്റ്റിക്ക് വേണ്ടി നിഷ്കർഷിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണോ പ്രസ്തുത നിരാക്ഷേപ പത്രങ്ങൾ എല്ലാം നൽകിയിട്ടുള്ളത് ; അല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ;

(സി) എത്ര നിർമ്മാണ അപേക്ഷകൾ ഈ കാലയളവിൽ സമർപ്പിക്കുകയുണ്ടായിട്ടുണ്ട് ; വിശദമാക്കാമോ ;

(ഡി) എത്ര മീറ്റർ ഉയരമുള്ള, എത്ര നിലകൾക്ക് മുകളിലുള്ള കെട്ടിടങ്ങൾക്കാണ് പ്രസ്തുത വകുപ്പിന്റെ നിരാക്ഷേപ പത്രങ്ങൾ ആവശ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ ; പ്രസ്തുത അനുമതിയുമായി ബന്ധപ്പെട്ട നിയമ വ്യവസ്ഥകൾ വിശദമാക്കാമോ ?

ഉത്തരം

(എ) 1929 അന്തിമ നിരാക്ഷേപ പത്രം.

(ബി) 2005-ലെ നാഷണൽ ബിൽഡിംഗ് കോഡിൽ ഫയർ ലൈഫ് സേഫ്റ്റിക്കുവേണ്ടി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പരിശോധിച്ചാണ് നിരാക്ഷേപപത്രങ്ങൾ നൽകിവരുന്നത്.

(സി) 4982 അപേക്ഷകൾ.

(ഡി) കെട്ടിടത്തിന്റെ ടൈപ്പ് ഓഫ് ഒക്യൂപൻസിക്ക് അനുസരണമായിട്ടാണ് നിരാക്ഷേപ പത്രം ആവശ്യമായിവരുന്നത്. അസംബ്ലി, ഇൻഡസ്ട്രിയൽ സ്റ്റോറേജ്, ഹാസാർഡസ് കാറ്റഗറിയിലുള്ള കെട്ടിടങ്ങൾക്ക് ഒരു നിലയായിരുന്നാൽപ്പോലും നിരാക്ഷേപപത്രം ആവശ്യമാണ്. റെസിഡൻഷ്യൽ, എഡ്യൂക്കേഷണൽ, ഇൻസ്റ്റിറ്റ്യൂഷണൽ എന്നീ കാറ്റഗറികളിലുള്ള കെട്ടിടങ്ങൾക്ക് 3 നിലകൾക്ക് മുകളിലേക്കും, കൊമേഴ്സ്യൽ കാറ്റഗറിയിലുള്ള (ബിസിനസ്, മെർക്കന്റയിൽ) കെട്ടിടങ്ങൾക്ക് നിലംനിരപ്പിൽ നിന്നും രണ്ടുനിലയ്ക്ക് മുകളിലേക്കും നിരാക്ഷേപപത്രം ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേരളാ മുനിസിപ്പൽ ബിൽഡിംഗ് റൂളിലെ അദ്ധ്യായം-7 ൽ കെട്ടിടങ്ങൾക്കുള്ള വിശേഷാൽ വ്യവസ്ഥകളിൽ റൂൾ 54 (4(എ)), 55 (9), 56(6) 57(11 എ), 58(5 എ), 59(5 എ) എന്നിവകളിലാണ് അഗ്നിശമനസേനാ ഡയറക്ടറിൽ നിന്നും നിരാക്ഷേപപത്രം വാങ്ങിയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്.

കാസർഗോഡ് ജില്ലാ-ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനും ക്വാർട്ടേഴ്സ് കെട്ടിടവും

241 (3063) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനും ക്വാർട്ടേഴ്സ് കെട്ടിടവും ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാസർഗോഡ് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആലോചനയുണ്ടോ ; എങ്കിൽ അതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; ഇതിനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും എപ്പോൾ നൽകാനാവുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. കാസർഗോഡ് പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 8 കോടിരൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കോഴിക്കോട് പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം നോർത്ത് സർക്കിളിൽ സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

കോഴിക്കോട് ജില്ല - ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ്

242 (3064) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിന് വേണ്ടി ലഭിച്ച വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ ; അതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly